ആലോചിച്ചപ്പോൾ പി. എസ്. സി. യുമായി ആലോചിച്ച് നടപടി സ്വീകരിക്കാമെന്ന് പറഞ്ഞു. അടുത്തദിവസംതന്നെ പി. എസ്. സി. യുടെ മീറ്റിങ് കൂടി ഇപ്പോൾ നിലവിലുള്ള ആളുകളുടെ ലീസ്റ്റ് റിലീസ് ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. തൽക്കാലം ഒഴിവുകൾ നികത്തുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് അദ്ധ്യാപകരെ നിയമിക്കാനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

(10) കൂത്താട്ടുകുളം ബേക്കൺ ഫാക്ടറി

ശ്രീ. വി. വി. ജോസഫ് : മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ കീഴിലുള്ള കൂത്താട്ടുകുളം ബേക്കൺ ഫാക്ടറിയിൽ ലാർജ് അനിമൽ സ്റ്റാട്ടർപ്ലാന്റ് വഴി ഇരുപതു ലക്ഷംരൂപ മുടക്കി കെട്ടിടവും ഉപകരണവും സ്ഥാപിച്ചിട്ട് മൂന്നുവർഷമായി. അവിടെയുള്ള കോഴിവളർത്തൽ പന്നിവളർത്തൽ മുയൽ വളർത്തൽ എന്നിവ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് പുരോഗതിയില്ലാതായിരിക്കുകയാണ്. മൂന്നുലക്ഷം രൂപ മാർജിൻമണി നമ്മുടെ ഗവൺമെന്റ് കൊടുത്താൽ നബാഡ് ഇഷ്ടംപോലെ കടം കൊടുക്കാൻ തയ്യാറാണ്. രൂപകൊടുത്തില്ലെങ്കിലും മാർജിൻമണി കൊടുക്കാമെന്ന എഗ്രിമെന്റ് വച്ചാൽപോലും നബാഡ് പണംകൊടുക്കാൻ സന്നദ്ധമാണ്. പന്തീരായിരം രൂപ പ്രതിമാസം ടി. എ. വാങ്ങിക്കുന്ന ചെയർമാനുണ്ട്. അവർക്ക് ആർക്കും ഈ കാര്യത്തിൽ താല്പര്യമില്ല. വിറ്റഴിക്കുന്ന ഉല്പന്നങ്ങൾക്ക് നല്ല ഡിമാന്റുണ്ട്. അതുകൊണ്ട് മാർജിൻമണി കൊടുക്കുകയോ കൊടുക്കാമെന്ന എഗ്രിമെന്റ് കൊടുക്കുകയോ ചെയ്ത് നബാഡിൽനിന്ന് പണം വാങ്ങിച്ച് ഉപയോഗശൂന്യമായ ആ പ്ലാന്റും മറ്റ് പ്രവർത്തനങ്ങളും നടത്താൻ വേണ്ട ഏർപ്പാട് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്ബ്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വളരെയേറെ വികസനസാധ്യതയുള്ള ഒരു സ്ഥാപനമാണ് മീറ്റ്പ്രോഡക്ട്സ് ഓഫ് ഇന്ത്യ. ലാർജ് അനിമൽ സ്റ്റാട്ടർ പ്ലാന്റിന്റെ പ്രവർത്തനം തുടങ്ങിയ കാര്യങ്ങൾക്ക് നബാഡിന്റെ ധനസഹായം കിട്ടും. അതിനുള്ള നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കുന്നതാണ്. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ സബ്സിഡിയർ ആയിരുന്ന എം. പി. ഐ. എ. ഒരു സ്വകാര്യസ്ഥാപനമാക്കാൻ തീരുമാനിച്ചു. സർക്കാർ 12.69 ലക്ഷംരൂപ മൂലധനമായിട്ട് നൽകും. ഇനി നബാഡിന്റെ ലോൺ കിട്ടാൻ താമസമില്ല. എം. പി. ഐ. എ. യുടെ വികസനം പ്ലാൻ അനുസരിച്ചുതന്നെ പുരോഗമിക്കും.

(11) മൂലമറ്റം കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ

ശ്രീ. ജോസ് കുറ്റിയാനി : ഇടുക്കി ജില്ലയിൽ ആദ്യമായി കെ. എസ്. ആർ. ടി. സി. യുടെ ഓഫീസ് തുടങ്ങിയത് 1989-ൽ യശശരീരനായ ശ്രീ. കെ. എം. ജോർജ്ജ് ഗതാഗത വകുപ്പുമന്ത്രിയായി വന്നപ്പോഴാണ്. അതിനുശേഷം മൂലമറ്റത്ത് ഉണ്ടായിരുന്ന സ്റ്റേഷൻമാസ്റ്റർ ആഫീസ് ലോനപ്പൻ നമ്പാടൻ മന്ത്രിയായിരുന്നപ്പോൾ ഓപ്പറേറ്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly

സെന്ററായി ഉയർത്തുകയും ശ്രീ.. ബാലകൃഷ്ണപിള്ള മന്ത്രിയായിരുന്നപ്പോൾ സബ് ഡിപ്പോയായി ഉയർത്താനുള്ള ഏർപ്പാട് സ്വീകരിക്കുകയും ഇലക്ട്രിസിറ്റി ബോർഡിൽനിന്നും ആവശ്യമായ ഒന്നരയേക്കർ സ്ഥലംകൂടി വിട്ടുതരാമെന്ന് സമ്മതിക്കുകയും ചെയ്തിരുന്നതാണ്. ആ ഓപ്പറേറ്റിംഗ് സെന്റർ ഇപ്പോൾ നിർത്താനുള്ള ശ്രമം ഗവൺമെന്റുഭാഗത്തുനിന്നുള്ളതായി അറിയാൻ കഴിഞ്ഞു. പതിനാല് ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്ന സ്ഥാനത്ത് ഇന്ന് നാല് ഷെഡ്യൂളുകളായി. ഓടിക്കൊണ്ടിരുന്ന ബസ്സുകളുടെ എണ്ണം കുറയുകയും ഷെഡ്യൂളുകൾ കട്ട് ചെയ്യുകയും ചെയ്തു. ഇന്റർസ്റ്റേറ്റ് പെർമിറ്റ് കിട്ടി മൂലമറ്റം വേളാങ്കണ്ണിയായി ഓടിക്കൊണ്ടിരുന്ന ബസ്സ് തൊടുപുഴ വേളാങ്കണ്ണിയായി ഓടാൻ തുടങ്ങി. ആറുമാസമായിട്ട് ഇന്നുവരെ മൂലമറ്റം വേളാങ്കണ്ണി റൂട്ട് പുനരാരംഭിച്ചിട്ടില്ല. ഇടുക്കി നിയോജകമണ്ഡലത്തിൽ ഉണ്ടായിരുന്ന മറ്റൊരു കെ. എസ്. ആർ. ടി. സി. ആഫീസ് കട്ടപ്പനയിൽനിന്നും മാറ്റുകയും ചെയ്തിരിക്കുന്നു. ഇടുക്കി നിയോജകമണ്ഡലത്തോട് കെ. എസ്. ആർ. ടി. സി. യും ഗവൺമെന്റും കാണിക്കുന്ന ക്രൂരമായ ഈ അവഗണനയ്ക്ക് പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): സർ, 27-1-1981-ൽ ആണ് മൂലമറ്റത്ത് ഒരു ഓപ്പറേറ്റിംഗ് സെന്റർ സ്ഥാപിച്ചത്. ഇപ്പോൾ അവിടെ എത്ര ഷെഡ്യൂളാണുള്ളത്. ഈ ഓപ്പറേറ്റിങ് സെന്റർ ഒരു സബ് ഡിപ്പോയാക്കുന്നകാര്യം കോർപ്പറേഷന്റെ പരിഗണനയിലാണ്. ഇലക്ട്രിസിറ്റി ബോർഡ് നൽകാമെന്ന് പറയുന്ന സ്ഥലത്തേയ്ക്ക് എഴുത്തുകുത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. ആവശ്യമായ സ്ഥലവും മറ്റ് സൗകര്യങ്ങളും സജ്ജമായാൽ ഉടൻതന്നെ സബ്ഡിപ്പോ തുടങ്ങുന്നകാര്യം പരിഗണിക്കാവുന്നതാണ്. മൂലമറ്റത്ത് ഓപ്പറേറ്റിങ് സെന്ററും സർവ്വീസും നിർത്തലാക്കുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമൊന്നുമില്ല.

(12) കൊച്ചി വിമാനത്താവളത്തിന്റെ വികസനം

ശ്രീ. കെ. മുഹമ്മദാലി : കൊച്ചി വിമാനത്താവളത്തിന്റെ അടിയന്തിരപ്രാധാന്യം ഈ സഭയിൽ എല്ലാ അംഗങ്ങളും അംഗീകരിക്കുന്ന വസ്തുതയാണ്. ഇന്ത്യയിലെ തന്നെ രണ്ട് പ്രധാനപ്പെട്ട നഗരങ്ങൾ കഴിഞ്ഞാൽ വരുമാനത്തിന്റെ കാര്യത്തിൽ ആറാം വിമാനത്താവളമാണ് കൊച്ചി വിമാനത്താവളം. തിരുവനന്തപുരത്ത് പന്ത്രണ്ടുകോടി രൂപയാണ്. വരുമാനമെങ്കിൽ കൊച്ചി വിമാനത്താവളത്തിൽ പതിനെട്ടുകോടിരൂപയുടെ വരുമാനം. എങ്കിലും കൊച്ചിവിമാനത്താവളം പൂർണ്ണമായും അവഗണനയിലാണ്. മുമ്പ് പോർട്ട് ട്രസ്റ്റ് ചീഫ്-എഞ്ചിനീയർ ആയിരുന്ന നമ്പിഅയ്യർ തയ്യാറാക്കിയ ഒരു പദ്ധതി ഇന്നും നിലവിലുണ്ട്. പതിനായിരം മീറ്റർ നീളത്തിലുള്ള രണ്ട് റൺവേകൾ കൂടുതലായി നിർമ്മിച്ചുകൊണ്ട് ഇന്നത്തെ വിമാനത്താവളത്തിന്റെ സൗകര്യം വർദ്ധിപ്പിച്ചുകൊണ്ട് വലിയ വിമാനങ്ങൾ കൊച്ചിവിമാനത്താവളത്തിൽ ഇറക്കാനുള്ള നടപടി സ്വീകരിച്ചതുകൊണ്ട് അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകമായ താല്പര്യമെ

LIBRARY ARCHIVES Kerala Legislative Assembly